## ഡി-അഡിക്ഷൻ കേന്ദ്രങ്ങൾ

26(*236) ശ്രീ. പി. ബി. അബ്ദുൾ റസാക് :
ശ്രീ. സി. മോയിൻ കുട്ടി :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യപാനികളിലെ മദ്യാസക്തി ഇല്ലാതാക്കുന്നതിനായി സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഡി-അഡിക്ഷൻ കേന്ദ്രങ്ങൾ ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിക്കുന്നതെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത കേന്ദ്രങ്ങൾക്ക് വേണ്ട സൗകര്യങ്ങൾ, പ്രവർത്തിക്കുന്നതിനാവശ്യമായുള്ള വ്യത്യസ്ത അനുമതികൾ എന്നിവ സംബന്ധിച്ച വിശദാംശം നൽകുമോ;

(സി) ഇത്തരം കേന്ദ്രങ്ങൾക്ക് സംസ്ഥാന ബിവറേജസ് കോർപ്പറേഷനിൽ നിന്നും ധനസഹായം ലഭിക്കുന്നുണ്ടോ; വിശദാംശം നൽകുമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത കേന്ദ്രങ്ങൾക്ക് മെന്റൽ ഹെൽത്ത് ആക്ട് 1987, സ്റ്റേറ്റ് മെന്റൽ ഹെൽത്ത് റൂൾസ് 2012 എന്നിവ പ്രകാരമുള്ള ലൈസൻസ് നിർബന്ധമാണ്. ഇത്തരം സ്ഥാപനങ്ങളുടെ ലൈസൻസിംഗ് അതോറിറ്റി സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റിയാണ്. ലൈസൻസ് ലഭിക്കുവാൻ മെന്റൽ ഹെൽത്ത് ആക്ട് 1987-ഉം സ്റ്റേറ്റ് മെന്റൽ ഹെൽത്ത് റൂൾസ് 2012-ഉം പ്രകാരമുള്ള അടിസ്ഥാന സൗകര്യങ്ങൾ ഈ സ്ഥാപനങ്ങളിൽ സ്ഥാപനത്തിന്റെ നടത്തിപ്പുകാർ ലഭ്യമാക്കേണ്ടതുണ്ട്. മെന്റൽ ഹെൽത്ത് ആക്ട് സെക്ഷൻ 8 പ്രകാരവും സ്റ്റേറ്റ് മെന്റൽ ഹെൽത്ത് റൂൾസ് 20, 22 & 24 പ്രകാരവുമുള്ള അടിസ്ഥാന സൗകര്യങ്ങളാണ് ഇത്തരം കേന്ദ്രങ്ങളിൽ ലഭ്യമാക്കേണ്ടത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

GPM. 2/242/2020-10

LIBRARY ARCHIVES Kerala Legislative Assembly

1. റൂൾ 22 പ്രകാരമുള്ള സൗകര്യങ്ങൾ :

(എ) സ്റ്റാഫ് പാറ്റേൺ: സൈക്യാട്രിസ്റ്റ്, മെഡിക്കൽ ഓഫീസർ, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്/സൈക്യാട്രിസ്റ്റ് സോഷ്യൽ വർക്കർ, സ്റ്റാഫ് നഴ്സ്, അറ്റൻഡർ തുടങ്ങിയവരുണ്ടായിരിക്കണം.

(ബി) ഭൗതിക സൗകര്യങ്ങൾ: കെട്ടിടം, അന്തേവാസികളുടെ സുരക്ഷ, അടിസ്ഥാന സൗകര്യം, മാലിന്യ നിർമ്മാർജ്ജനം തുടങ്ങിയ സൗകര്യം ലഭ്യമാക്കണം.

(സി) മറ്റ് സൗകര്യങ്ങൾ (സപ്പോർട്ട് ഫെസിലിറ്റീസ്): അത്യാഹിത പരിചരണത്തിനുള്ള സൗകര്യങ്ങൾ, രോഗ നിർണ്ണയത്തിന് ആവശ്യമായ സൈക്കോളജിക്കൽ ടെസ്റ്റ് മെറ്റീരിയൽ, അന്തേവാസികളുടെ മാനസികോല്ലാസത്തിനും പുനരധിവാസത്തിനും വേണ്ട സൗകര്യങ്ങൾ, ഔട്ട്പേഷ്യന്റ് കെയറിനു വേണ്ടിയുള്ള സ്ഥിരമായ സൗകര്യങ്ങൾ തുടങ്ങിയവ ലഭ്യമാക്കണം.

(ഡി) ഒ.പി. ചികിത്സയുള്ള സൗകര്യം: ആഴ്ചയിൽ രണ്ട് ദിവസം രണ്ട് മണിക്കൂർ വീതമെങ്കിലും പ്രവർത്തിക്കുന്ന ഔട്ട്പേഷ്യന്റ് ക്ലിനിക് ഉണ്ടായിരിക്കണം.

2. റൂൾ 24 പ്രകാരം സ്ഥാപനത്തിൽ ലഭ്യമാക്കേണ്ട രജിസ്റ്ററുകൾ

ഔട്ട് പേഷ്യന്റ് രജിസ്റ്റർ, ഇൻപേഷ്യന്റ് രജിസ്റ്റർ, സെൻസസ് രജിസ്റ്റർ, ചികിത്സാ രജിസ്റ്റർ എന്നിവയ്ക്ക് പുറമേ രോഗികളുടെ വിവരങ്ങൾ സ്റ്റേറ്റ് മെന്റൽ ഹെൽത്ത് റൂൾസിലെ ഫോം നമ്പർ vi-ൽ എഴുതി സൂക്ഷിക്കേണ്ടതുമാണ്.

3. റൂൾ 20 പ്രകാരം ലഭ്യമാക്കേണ്ട സൗകര്യങ്ങൾ

(i) ഇത്തരം സ്ഥാപനങ്ങൾക്ക് നിർമ്മാണാനുമതി ലഭിച്ചിട്ടുള്ള സ്ഥലത്ത് ഈ ഉദ്ദേശ്യത്തിനായി നിർമ്മിച്ചിട്ടുള്ള കെട്ടിടത്തിൽ മാത്രമേ ഇത്തരം സ്ഥാപനങ്ങൾ പ്രവർത്തിക്കാവൂ. തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ലൈസൻസ് ഈ സ്ഥാപനങ്ങൾ എടുത്തിരിക്കേണ്ടതാണ്.

(ii) ശരിയായ വിദ്യാഭ്യാസ യോഗ്യതയുള്ള ആൾക്കാരെ മാത്രമേ ഇത്തരം കേന്ദ്രങ്ങളിൽ ജീവനക്കാരായി നിയമിക്കാവൂ.

(iii) ഇൻഡ്യൻ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരമുള്ള ഒരു സൈക്ക്യാട്രിസ്റ്റിന്റെ മേൽനോട്ടത്തിൽ വേണം ഇത്തരം സ്ഥാപനങ്ങൾ നടത്തേണ്ടത്.

(സി) എക്സൈസ് ഡിപ്പാർട്ട്മെന്റ് ശിപാർശ ചെയ്ത 11 ഡീ-അഡിക്ഷൻ സെന്ററുകൾക്ക് സ.ഉ(കൈ) നമ്പർ 86/2014/നി.വ., തീയതി 9-6-2014 പ്രകാരം 1,00,35,840 രൂപ ബിവറേജസ് കോർപ്പറേഷനിൽനിന്നും ധനസഹായമായി അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly